ലേഖനം നമ്പർ - 19

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

## വി. കുർബ്ബാന സ്ഥാപന വചനം (Institution of Holy Qurbana):

പരസ്യ ശുശ്രൂഷയുടെ പരിസമാപ്തിയിൽ കർത്താവ് വിശുദ്ധ കുർബ്ബാന സ്ഥാപിച്ചതും, അതിലൂടെ കാൽവരി യാഗത്തെപ്പറ്റി ശിഷ്യന്മാർക്കു വെളിപ്പെടുത്തിയതും അനുസ്മരിക്കയും വിവരിക്കയുമാണ് ഇനിയും നടക്കുന്നത്. കർത്താവിന്റെ പെസഹയുടെ അനുസ്മരണമാണിത്.

താൻ പാപികളുടെ കൈയ്യിൽ നമുക്കുവേണ്ടി തന്നെത്തന്നെ ഏൽപ്പിക്കുന്നതിനു മുമ്പുള്ള സന്ധ്യയിൽ സെഹിയോൻ മാളിക മുറിയിൽ വച്ച് നമ്മുടെ കർത്താവ് ദൈവികമായി പൂർത്തിയാക്കിയ ബലിയുടെ ഓർമ്മ വൈദികൻ ഇവിടെ അനുസ്മരിക്കയും രക്ഷാകര ചരിത്രം വിവരിക്കയും ചെയ്യുന്നു. പട്ടക്കാരൻ തിരുവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടും, റൂശ്മ ചെയ്തുകൊണ്ടും അപ്പം വാഴ്ത്തി മുറിക്കുന്നു. രണ്ടായി വേർപെടുത്തുന്നില്ല. വാഴ്ത്തിക്കഴിയുമ്പോൾ അപ്പം കർത്താവിന്റെ സാക്ഷാൽ ശരീരമായി തീരുന്നു (ഇത് കർത്താവ് പറഞ്ഞ സ്ഥാപന വചനങ്ങളാണ്). അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി "ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ" എന്നു പറഞ്ഞു. (1കൊരി. 11. 24). അപ്പം മുറിക്കുന്നതുവഴി തന്റെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപിരിഞ്ഞു എന്നും, രണ്ടു കഷണങ്ങളായി വേർതിരിക്കാത്തതുവഴി തന്റെ ദൈവത്വം ശരീരത്തിൽ നിന്നോ ആത്മാവിൽ നിന്നോ വേർപിരിഞ്ഞില്ല എന്നും കാണിക്കുന്നു.

പട്ടക്കാരൻ അപ്പം എടുത്തു വാഴ്ത്തുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു. പാപമില്ലാത്തവൻ, പാപികളായ നമുക്കു വേണ്ടി തിരുവിഷ്ടത്തോടെ മരണമനുഭവിപ്പാൻ തയ്യാറായപ്പോൾ തന്റെ വി. കൈകളിൽ അപ്പം എടുത്ത് സ്തോത്രം ചെയ്തു വാഴ്ത്തി ശുദ്ധീകരിച്ച്, മുറിച്ച് തന്റെ വി. ശ്ലീഹന്മാർക്ക് നൽകിക്കൊണ്ട് അവരോടരുളിച്ചെയ്തു.... ഇതു വാങ്ങി ഭക്ഷിപ്പിൻ, നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും മുറിക്കപ്പെടുകയും പാപമോചനത്തിനും നിത്യ ജീവനുമായി നൽകപ്പെടുകയും ചെയ്യുന്ന എന്റെ ശരീരമാകുന്നു ഇത്. ഈ പ്രാർത്ഥന ചെറിയ വ്യത്യാസത്തോടുകൂടി പല തക്സാകളിൽ കാണുന്നുണ്ട്.

പട്ടക്കാരന്റെ ഈ പ്രാർത്ഥനയിൽ മനുഷ്യാവതാര വൃത്താന്തം മുഴുവൻ അടങ്ങിയിരിക്കുന്നു. താൻ ...അപ്പമെടുത്ത് എന്നത് ജഡമെടുത്തതിനെയും, സ്വർഗ്ഗത്തിലേക്കു നോക്കി എന്നത് പിതാവിന്റെ അനുമതി യാചിച്ചതിനെയും, അതിനെ വാഴ്ത്തി ശുദ്ധീകരിച്ചു എന്നത് തന്റെ തിരുമേനിയെ ലോകർക്കുവേണ്ടി ശുദ്ധീകരിച്ചു എന്നതിനെയും, അതിനെ കാണിച്ചു എന്നത് തന്നെ സ്ക്കീപ്പായിൽ തറച്ചതിനെയും ശിഷ്യർക്ക് നൽകി എന്നത് വിശ്വാസികൾക്ക് ഭാരമേൽപ്പിച്ചു എന്നതിനെയും കുറിക്കുന്നതായി ചിന്തിക്കാം.

എടുത്തു, വാഴ്ത്തി, നുറുക്കി, കൊടുത്തു എന്നീ പ്രയോഗങ്ങൾ കാണിക്കുന്നത് വി. കൂർബ്ബാന ഒരു അനുസ്മരണം മാത്രമല്ല, ഒരു അനുഷ്ഠാനം കൂടിയാണെന്നു നമ്മെ പഠിപ്പിക്കുന്നു. കർത്താവ് ചെയ്ത കർമ്മം തന്നെ പുരോഹിതനും ചെയ്കമൂലം വി. കുർബ്ബാന സ്ഥാപിച്ച കരങ്ങൾ പരിശുദ്ധവും, ദിവ്യവും, നിർമ്മലവും, അമർത്യവുമാണെന്നും, ഇതൊരു അനുഷ്ഠാനമാണെന്നുമുള്ള ആശയം വ്യക്തമാക്കുകയുമാണ്.

അപ്പമെടുത്ത് വാഴ്ത്തുമ്പോൾ ചൊല്ലുന്ന മേൽപറഞ്ഞ ഓരോ വാക്കുകളുടെയും ആശയങ്ങൾ താഴെ വിവരിക്കുന്നു.

1. അപ്പമെടുത്തു : ഭൂമിയിൽ നിന്നും മണ്ണെടുത്ത് ആദാമിനെ മെനഞ്ഞവൻ വിശുദ്ധ കന്യകയിൽ നിന്ന് ജന്മമെടുത്തു. ആ യേശുവിന്റെ പരിശുദ്ധ ശരീരമാകുവാൻ വേണ്ടി പ്രപഞ്ചത്തെ പ്രതിനിധാനം ചെയ്യുന്ന അപ്പം കൈകളിലെടുക്കുകയാണ്.

2. സ്വർഗ്ഗത്തിലേക്കു നോക്കി : യഹൂദന്മാർ പറഞ്ഞതുപോലെയല്ല, പിതാവുമായുള്ള അഭേദ്യബന്ധം എപ്പോഴും നിലനിൽക്കുന്നത് കാണിക്കുകയും, ഈ അതിശയം നടപ്പിലാക്കുവാൻ പിതാവിന്റെ അനുവാദം തേടുകയും, ആശീർവ്വാദം അപേക്ഷിക്കുകയും ചെയ്യുന്നു.

3. സ്തോത്രം ചെയ്തു : ഈ അപ്പത്തിന്റെ ഓർമ്മ കഴിക്കുവാൻ പിതാവിനു തിരുവിഷ്ടമുണ്ടായതിനാൽ സ്തോത്രം ചെയ്യുന്നു. ...പിതാവേ നീ ഇവയെ ജ്ഞാനികളിൽ നിന്നു മറച്ചു പൈതങ്ങൾക്കു വെളിപ്പെടുത്തിയതിനാൽ നിന്നെ സ്തോത്രം ചെയ്യുന്നു. ... എന്ന് കർത്താവു പറയുന്നുണ്ട്. പിതാവേ എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കേണമെ എന്ന പ്രാർത്ഥന കാണിക്കുന്നത് പിതാവിന്റെ ഇഷ്ടത്തിന് താൻ വഴങ്ങിയെന്നാണ്.

4. വാഴ്ത്തി : പ്രപഞ്ച പ്രതീകമായ അപ്പം വാഴ്ത്തിയപ്പോൾ അത് തന്റെ ശരീരമായി തീരുകയും, നമ്മുടെ വർഗ്ഗത്തിൽ നിന്ന് പാപത്തിന്റെ ശാപം നീങ്ങുകയും ചെയ്തു.

5. ശുദ്ധീകരിച്ചു. : ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. എന്നു പറഞ്ഞ പ്രകാരം യേശുനാഥൻ നമ്മെ പാപത്തിൽ നിന്നു രക്ഷിച്ചു. ഞാൻ നിങ്ങൾക്കു വേണ്ടി എന്നെത്തന്നെ ശുദ്ധീകരിക്കുന്നു. എന്നരുളിയതുപോലെ ശുദ്ധീകരിക്കപ്പെട്ട യേശു വാഴ്ത്തി ശുദ്ധീകരിച്ച അപ്പം തിന്നുന്നവൻ നിത്യ ജീവന്നാധാരമായ സ്വർഗ്ഗീയ അപ്പം ഭക്ഷിക്കുന്നു.

6. മുറിച്ചു : ഇത് യേശുവിന്റെ കഷ്ടാനുഭവവും, ക്രൂശു മരണവും ഓർമ്മിപ്പിക്കുന്നു. മുറിക്കപ്പെടലിന്റെ സന്ദർഭമാണ് വി. കുർബ്ബാന. താഴ്മ, അനുതാപം, സ്നേഹം എന്നിവയാൽ നമ്മുടെ ഹൃദയം മുറിക്കപ്പെടുന്നില്ലെങ്കിൽ ക്രിസ്തുവിന് നമ്മുടെ ഹൃദയത്തിലേക്ക് വരുവാൻ കഴിയുകയില്ല.

(തുടരും...) ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design&Lay-out : dittografix, printed at Geo print shop, Ernakulam
*Website: www.stmarysorthodoxcathedralekm.org* *Email: georgekaithayil@yahoo.com* *For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





# എളംകുളം ചാപ്പലിൽ ഓർമ്മപ്പെരുന്നാൾ









*പ.പരുമല തിരുമേനിയുടെ 112 -ാം ഓർമ്മപ്പെരുന്നാൾ എളംകുളം ചാപ്പലിൽ ഒക്ടോബർ 26 ഞായറാഴ്ച ആചരിച്ചു. വി.കുർബാനക്ക് ശേഷം വർഗ്ഗീസച്ചന്റെയും, അലക്സ് അച്ചന്റെയും, ജേക്കബ് അച്ചന്റെയും നേതൃത്വത്തിൽ എസ്. എ റോഡ് കുരിശിൻതൊട്ടിയിലേക്ക് റാസയും, ആശീർവ്വാദത്തിനു ശേഷം നേർച്ച വിളമ്പ്, പ്രഭാത ഭക്ഷണം എന്നിവയും, റാസയ്ക്കകമ്പടിയായി കരിമരുന്നു പ്രയോഗവും വാദ്യഘോഷങ്ങളും ഉണ്ടായിരുന്നു.*

## OCYM അംഗങ്ങൾ അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിൽ



*നമ്മുടെ ഇടവകയിലെ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ അട്ടപ്പാടി സെന്റ് തോമസ് ആശ്രമം സന്ദർശിച്ചു. പോഷകാഹാരക്കുറവുമൂലം ആദിവാസികൾ മരിക്കുവാൻ ഇടയായ സാഹചര്യത്തിൽ സഭയുടെ മിഷൻ ബോർഡിന്റെയും, സെന്റ് തോമസ് ആശ്രമത്തിന്റെയും നേതൃത്വത്തിൽ ഈ മേഖലയിലെ ജീവകാരുണ്യപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ബാലിക-ബാലഭവനങ്ങളും, സി.ബി.എസ്.ഇ സ്കൂളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. OCYM അംഗങ്ങൾ ശേഖരിച്ച വസ്ത്രവും, ഭക്ഷണസാധനങ്ങളും ആശ്രമത്തിൽ എത്തിച്ച് ആദിവാസികൾക്ക് നൽകുകയും ചെയ്തു.*

## വിശേഷ ദിവസങ്ങൾ

**നവംബർ**

| | | |
|---|---|---|
| 08 | ശനി | പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവയുടെ ഓർമ്മ (ദേവലോകം) |
| 09 | ഞായർ | ഹൂദോസ് ഈത്തോ ഞായറാഴ്ച |
| 16 | ഞായർ | സഖറിയയോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച |
| 23 | ഞായർ | വി. ദൈവമാതാവിനോടുള്ള അറിയിപ്പ് |
| 30 | ഞായർ | എലിസബേത്തിന്റെ അടുക്കലേക്ക് മറിയമിന്റെ യാത്ര |

**ഡിസംബർ**

| | | |
|---|---|---|
| 1 | തിങ്കൾ | ഇരുപത്തിയഞ്ചു നോമ്പാരംഭം |
| 7 | ഞായർ | യോഹന്നാൻ മംദാനയുടെ ജനനം |



*ആർദ്രത റിലീഫ് സെന്ററിന്റെ ആഭിമുഖ്യത്തിൽ രോഗികൾക്ക് മാസംതോറും നൽകാറുള്ള സഹായധനം, കത്തീഡ്രൽ സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി അമ്മിണി മാത്യൂസ് ജനറൽ ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. ആനിയെ ഏൽപ്പിക്കുന്നു.*

## വിവാഹം

എളംകുളം സഹകരണ റോഡ് കണ്ടനാടൻ ഹൗസിൽ പരേതനായ ശ്രീ. കെ. എം. മത്തായിയുടെയു, ശ്രീമതി രമ മത്തായിയുടെയും മകൻ **ബിനു**വും പെരുങ്ങോട്ടൂർ പെരിമ്പള്ളികുന്നേൽ ശ്രീ. പി. ജെ. മർക്കോസിന്റെയും ശ്രീമതി സോളമിയുടെയും മകൾ **സോഫിയ**യും തമ്മിലുള്ള വിവാഹം 19.10.2014-ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം നോർത്ത് Waxwall lane ൽ കട്ടപ്പുറത്ത് ശ്രീ. കെ. പോൾ മാത്യുവിന്റെയും ശ്രീമതി സിസ്സി പോളിന്റെയും മകൾ **ലിനു പോളും** കോത്തല പുള്ളോലിക്കൽ ശ്രീ. റോയി മാത്യുവിന്റെയും ശ്രീമതി ആശ മാത്യുവിന്റെയും മകൻ **യോഹാൻ മാത്യുവും** തമ്മിലുള്ള വിവാഹം പാമ്പാടി ഈസ്റ്റ് സെന്റ് മേരീസ് പള്ളിയിൽ വെച്ച് 19.10.2014-ൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതയായി

എറണാകുളം ടി.ഡി.റോഡ്, പുത്തൻപുരയ്ക്കൽ ശ്രീമതി **ലില്ലി സി. തരകൻ** (96), 20.10.2014-ൽ നിര്യാതയായി. 22.10.2014-ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*






PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 8 • ISSUE : 11 NOVEMBER 2014


**എഡിറ്റോറിയൽ**

## ദൈവാരാധന എങ്ങിനെ വേണം

വേദപുസ്തകത്തിൽ പലയിടത്ത് ദൈവത്തെ ആരാധിക്കേണ്ടത് എങ്ങിനെയെന്ന് പറയുന്നുണ്ട്. പഴയനിയമത്തിൽ ദൈവത്തെ ഉന്നതങ്ങളിൽ വസിക്കുന്നവനായാണ് കണ്ടിരുന്നത്. അശുദ്ധനായ മനുഷ്യൻ ദൈവത്തോടടുക്കാൻ പ്രാപ്തനല്ലെന്നു തോന്നിയതിനാലായിരിക്കണം ഇങ്ങിനെയൊരു സങ്കൽപ്പമുണ്ടായത്. വിശുദ്ധ ദൈവത്തെ നേരിട്ടു കാണണമെങ്കിൽ മനുഷ്യന്റെ ഉള്ളിലും, പുറത്തുമുള്ള അശുദ്ധി മാറ്റി മനുഷ്യൻ അതിനു തയ്യാറാവണം. മോശയും ദൈവവും തമ്മിലുള്ള ആദ്യത്തെ കൂടിക്കാഴ്ച തന്നെ ബാഹ്യമായും, ആന്തരികമായുമുള്ള ഈ വിശുദ്ധിയെക്കുറിച്ചുള്ള പാഠം നമുക്കു നൽകുന്നുണ്ട്. മോശയോട് ദൈവം ചെരുപ്പഴിച്ചു മാറ്റാൻ ആവശ്യപ്പെടുന്നുണ്ട്. ദൈവസാമീപ്യമുള്ള സ്ഥലം വിശുദ്ധമാണെന്നും അത് മനസ്സിലാക്കി കാലിൽ നിന്ന് ചെരിപ്പ് ഊരി മാറ്റണമെന്നുമാണ് ദൈവം കൽപ്പിക്കുന്നത്. ദൈവസാന്നിധ്യമുള്ള സ്ഥലത്തിന് ഇത്രയും വിശുദ്ധിയുണ്ടെങ്കിൽ ദൈവം എത്രമാത്രം വിശുദ്ധനായിരിക്കണം. നാം സാധാരണ പുറത്തിറങ്ങുന്നതു തന്നെ എത്രമാത്രം ഒരുങ്ങിയാണ്. ബാക്കിയുള്ളവർ നമ്മെ മനോഹരമായി കാണുവാൻ വേണ്ടി നാം എന്തുമാത്രം ശ്രദ്ധിക്കുന്നു. എന്നാൽ ദൈവസന്നിധിയിൽ നാം ചെല്ലുമ്പോൾ അത്രയും ശ്രദ്ധിക്കാറുണ്ടോ? നമ്മുടെ പൂർവികർ ആരാധനയ്ക്ക് കൊടുത്തിരുന്ന പ്രാധാന്യം ഇപ്പോൾ നാം കൊടുക്കാറുണ്ടോ? ആരാധനകളിൽ സംബന്ധിക്കുവാൻ ഉപയോഗിച്ചിരുന്ന വസ്ത്രം പഴയകാലങ്ങളിൽ വേറൊന്നിനും ഉപയോഗിച്ചിരുന്നില്ല. ആ വസ്ത്രത്തിനു തന്നെ ഒരു പ്രത്യേക പരിഗണന കൊടുത്തിരുന്നു. അകമെയും പുറമെയുമുള്ള വിശുദ്ധി നിലനിർത്തുവാൻ അന്ന് പ്രത്യേക ശ്രദ്ധയുണ്ടായിരുന്നെന്നു കാണാം.

"യഹോവ സീനായി പർവ്വതത്തിൽ, പർവ്വതത്തിന്റെ കൊടുമുടിയിൽ ഇറങ്ങി" (പുറ. 19:20). മോശ ജനത്തെ പാളയത്തിൽ നിന്നിറക്കി പർവ്വതത്തിന്റെ അടിവാരത്തു കൊണ്ടുപോയത് യഹോവയെ എതിരേൽക്കുവാനായിരുന്നു. ദൈവത്തിന്റെ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്ന സഭയാണ് അന്നും, ഇന്നുമുള്ളത്. വിശുദ്ധനായ ദൈവത്തെ കാണുവാൻ അശുദ്ധിയിൽ നിന്നുകൊണ്ട് മനുഷ്യർക്ക് സാദ്ധ്യമല്ലാത്തതിനാലാണ് സഭയെ ശുദ്ധീകരിക്കുവാൻ ദൈവം മോശയോടു കൽപ്പിക്കുന്നത്. അശുദ്ധചിന്തകളും, പ്രവൃത്തികളും മാറ്റിവച്ച് ഭയത്തോടും, വിറയലോടും കൂടി വേണം ദൈവത്തെ സമീപിക്കുവാൻ.

കുർബ്ബാനയുടെ ഏറ്റവും പ്രധാനഭാഗത്ത് "കർത്താവിന്റെ തിരുശരീരരക്തങ്ങൾ വിശുദ്ധിയും വെടിപ്പുമുള്ളവർക്കു മാത്രം നൽകപ്പെടുന്നു" എന്നു വൈദികൻ ചൊല്ലുമ്പോൾ വിശുദ്ധിയിൽ അടുത്തുകൂടാത്ത ദൈവത്തെ ഭയത്തോടും, വിറയലോടും കൂടി ദൈവഭക്തർ കൈക്കൊള്ളുന്നു. ക്രിസ്തുവിൽകൂടിയുള്ള ദൈവസാമീപ്യം കർത്താവിന്റെ അത്താഴവിരുന്നിന്റെ ഓർമ്മയിൽ വിശ്വാസസമൂഹത്തിന് അനുഭവിച്ചറിയുവാൻ സാധിക്കുന്നു.

ദൈവമെ, വിശുദ്ധിയിൽ നിന്നെ ആരാധിപ്പാനും, ആരാധനയിൽ നിന്നെ നേരിൽ കാണുവാനുമുള്ള സൗഭാഗ്യം ഞങ്ങൾക്കു തരേണമെ എന്ന് നമുക്കു പ്രാർത്ഥിക്കാം. ■

**ഇടയ ലേഖനം**

## കുരിശിൻ പ്രശംസ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



കർത്താവിൻ കുരിശിൽ മാത്രം പ്രശംസിക്കാൻ സംഗതിയാക്കണെ എന്നാണ് വി. പൗലൂസിന്റെ ആഗ്രഹവും പ്രാർത്ഥനയും. കാണികൾക്ക്, കുരിശിൽ സങ്കടപ്പെടാനോ അവഗണിക്കാനോ അല്ലാതെ ഒന്നും കാണാൻ സാധ്യമല്ല. കുരിശിൽ പ്രശംസിക്കാനെന്തിരിക്കുന്നു?

വിദ്യാബഹുത്വത്താൽ സർവ്വജ്ഞപീഠാർഹനായ പൗലൂസ് അപ്പോസ്തോലന് തന്റെ ഉറച്ച മതബോധത്തിലും, ജ്ഞാനത്തിലും ന്യായമായി പ്രശംസിക്കാവുന്നതേയുള്ളൂ. നിന്ദാപാത്രമായ, മരണയെന്ത്രമെന്ന കുരിശിൽ പ്രശംസിക്കുക എന്നത് ഒരു വിരോധാഭാസമായി തോന്നാം. മനുഷ്യർ സാധാരണയായി, പരസ്യമായോ, രഹസ്യമായോ അഭിമാനം കൊള്ളുന്നത്, അവരുടെ സൗന്ദര്യം, ധനം, ചുറ്റുപാടുകൾ, ബന്ധുബാഹുല്യം, സാമൂഹ്യമായ ഉച്ചനില, അധികാര സ്ഥാനങ്ങൾ എന്നിവയിലാണ്. എങ്കിലും ഇവയെല്ലാം കഥയില്ലാത്തവയും, നിമിഷാർദ്ധത്തിൽ അസ്തമിക്കുന്നവയുമാണെന്ന് തിരിച്ചറിഞ്ഞു കഴിഞ്ഞവർ, "നിലനിൽക്കുന്നതും" കാമ്പുള്ളതുമായ, മറ്റു ചിലതിനെ തേടിപ്പോകുന്നു. അങ്ങനെ തേടി പുറപ്പെട്ടവരിൽ തത്വശാസ്ത്രികളും, മാമുനിമാരും, പരിവ്രാജകരും മറ്റുമുണ്ട്. ഐഹികങ്ങളുടെ പൊള്ളത്തരം തിരിച്ചറിയാത്തവർ അതിൽ മുങ്ങിപ്പൊങ്ങും.

ഈ ഗുണപാഠം വ്യക്തമാക്കുന്നതാണ് "ധനവാന്റെയും ലാസറിന്റെയും" കഥ. ഒരു സമയമാവുമ്പോൾ "Tables are turned"എന്നു പറയേണ്ടിവരും. അപ്പോൾ, നിസ്സാരമായി തോന്നിയത് ഉന്നതിയിലും ലൗകികമായി ഉയർന്നു നിന്നിരുന്നത് പാതാളത്തോളം നിപതിച്ചിരിക്കുന്നതുമായി കാണാം. ഈ കഥയിൽ കണ്ടുമുട്ടുന്ന കഥാപാത്രങ്ങളുടെ തെറ്റും ശരിയും കണ്ടറിയേണ്ടതാണ്. തന്റെ ദുര്യോഗത്തിൽ, "സമരം" ചെയ്യാതെയും പരാതിപ്പെടാതെയുമിരിക്കുന്ന ലാസർ. സാമാന്യ ജനം ചോദിക്കും: "ഇത്രയും ദുരിതമനുഭവിക്കാൻ ഈ മനുഷ്യൻ എന്തു തെറ്റു ചെയ്തു?" "സ്വർഗ്ഗത്തിലൊരൽപം ഇടംകിട്ടാൻ ഞങ്ങളെ ഇത്രയ്ക്കു കഷ്ടപ്പെടുത്തണോ?" എന്ന് പരിശുദ്ധ കന്യകമാതാവിനോട് ചോദിക്കുന്ന ഒരു 'ഭക്തിഗാനം' ഇക്കാലത്ത് നിലവിലുണ്ടല്ലൊ!! പരിശുദ്ധ അമ്മ ആരെയും വേദനിപ്പിക്കുന്നയാളല്ല.

തന്റെ സുഖജീവിതകാലത്ത്, ധനവാൻ എന്തു തെറ്റു ചെയ്തു? അതിനുത്തരം നൽകുന്നത് നീതിയും നിയതിയുമാണ്. പ്രശംസിക്കാൻ കർത്താവിന്റെ കുരിശ് മാത്രമേയുള്ളൂ. സ്വന്തബുദ്ധി, ധനം, മാനം എന്നിവ ഒന്നിനും ഉപകരിക്കുന്നില്ല എന്നത് വി. പൗലൂസ് ഗ്രഹിച്ച മഹാസത്യമാണ്. കുരിശിൽ അഭിമാനം കൊള്ളുന്നവർ ത്യാഗമനസ്ഥിതിയുള്ളവരും പരദ്രോഹം ചെയ്യാൻ മടിക്കുന്നവരുമായിരിക്കും.

കുരിശിൽ പറ്റിപ്പിടിച്ചിരിക്കുന്ന നിഷ്കളങ്ക രക്തം ഇതിന്റെ സാക്ഷിയാണ്. ആ നിലവിളി സ്വർഗ്ഗവാതിലിൽ ചെന്നലയ്ക്കുന്നു. നിസ്സഹായരുടെ നിലവിളി!

പ്രശംസിക്കാൻ ഒന്നേയുള്ളൂ, കർത്താവിന്റെ കുരിശ് ! ■

## വികാരിയുടെ കത്ത്

# പരി. പരുമല തിരുമേനിയുടെ ഓർമ്മ



**ഫാ. അലക്സ് പി. ജോർജ്ജ്**

പരി. പരുമല തിരുമേനി എന്ന നാമം സഭയിലെ ഓരോ വിശ്വാസിയുടെയും ഹൃദയപലകകളിലാണ് എഴുതിയിരിക്കുന്നത്. തിരുമേനിയുടെ ജീവിത വിശുദ്ധിയാണ് ഈ ആദരവിന് കാരണം. കാലമേറെ കഴിയുന്തോറും ഈ പിതാവിന്റെ അപദാനങ്ങൾ ഏറിവരുന്നു. എന്താണ് ഈ ജീവിതത്തിന്റെ പ്രത്യേകത? തനിക്ക് ഈ ലോകത്തിൽ ലഭിച്ച അവസരം ഭംഗിയായി വിനിയോഗിച്ച മനുഷ്യനാണ് പരുമല തിരുമേനി. ദൈവബന്ധത്തിൽ ഉറച്ചുനിന്നതിലൂടെ തന്റെ ജീവിതത്തെ അദ്ദേഹം വിശുദ്ധികൊണ്ട് പ്രോജ്ജ്വലിപ്പിച്ചു. എന്നാൽ പ്രാർത്ഥന മാത്രമായിരുന്നില്ല ആ ജീവിതം, തന്റെ ചുറ്റുപാടുകളെ തിരിച്ചറിഞ്ഞ് സമൂഹത്തിന് ആവശ്യമായത് പകർന്നു നൽകുവാൻ അദ്ദേഹത്തിന് സാധിച്ചു. ദൈവം വിശുദ്ധരെ തിരഞ്ഞെടുക്കുന്നത് സ്വർഗ്ഗം നിറയ്ക്കുവാനല്ല, സ്വർഗ്ഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുവാനാണ്. സ്വർഗ്ഗീയ വിശുദ്ധി എന്താണെന്ന് തിരുമേനി ലോകത്തിന് കാണിച്ചു കൊടുത്തു. തന്റെ പ്രവർത്തനങ്ങളിലൂടെ സ്വർഗ്ഗീയാനുഭൂതി പകർന്നു നൽകി.

ജീവിച്ചിരുന്ന കാലഘട്ടത്തെ കൃത്യമായി മനസ്സിലാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ആ തിരിച്ചറിവിലൂടെയാണ് തിരുമേനി സാമൂഹിക ഇടപെടലുകൾ നടത്തിയത്. ഒന്നര നൂറ്റാണ്ടിനു മുമ്പ് ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിക്കുകയും, പെൺകുട്ടികളെ പഠിപ്പിക്കണമെന്ന് ശഠിക്കുകയും ചെയ്തത് ഈ ഇടപെടലിന്റെ ഭാഗമാണ്. താഴ്ന്ന ജാതിക്കാർക്കും മറ്റുള്ളവരെപ്പോലെ ജീവിത നിലവാരം വേണമെന്ന് ആഗ്രഹിക്കുകയും, അതിനുവേണ്ടി അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു.

വിശുദ്ധരായ മനുഷ്യർ പലപ്പോഴും സാഹസികമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. സാധാരണ മനുഷ്യന്റെ ചിന്തകളല്ല അവരുടേത്. പ്രവർത്തന ശൈലികൾ നമുക്ക് അപരിചിതമായിരിക്കും. ആരുടെയും പിന്തുണയും ഒരുപക്ഷെ അവർക്ക് ലഭിച്ചെന്ന് വരില്ല, പക്ഷെ അവർ അവസാനം വിജയിക്കും. ഈ വിജയത്തിന്റെ അടിസ്ഥാനം ദൈവബന്ധമാണ്. ഈ പ്രവർത്തന രീതി മൂലമാണ് യാത്രാ സൗകര്യങ്ങൾ പരിമിതമായിട്ട് പോലും വിശുദ്ധനാട് സന്ദർശനത്തിന് അദ്ദേഹം തയ്യാറായത്. മലയാള സാഹിത്യത്തിലെ ആദ്യകാല യാത്രാ വിവരണങ്ങളിലൊന്നായ "യരുശലേം യാത്ര" വായിക്കുമ്പോൾ മനസ്സിലാവും, എത്ര ഭക്തിയോടെയാണ് ക്രിസ്തുവിന്റെ കാൽപ്പാടുകൾ പതിഞ്ഞ ഭൂമി, ഈ പിതാവ് സ്പർശിച്ചതെന്ന്. ഇന്ന് യരുശലേം യാത്ര ഒരു ആത്മീയ കച്ചവടമാണ്.

അറിവ് നേടുവാൻ ആ തിരുമേനി പ്രദർശിപ്പിച്ച ആഗ്രഹം പ്രശംസനീയമാണ്. തിരക്കേറിയ ജീവിത നാളുകളിലും സഭയിൽ പ്രചാരം നേടാതിരുന്ന സുറിയാനി ഗ്രന്ഥങ്ങൾ അദ്ദേഹം പകർത്തിയെഴുതി സ്വന്തമാക്കി. പാമ്പാക്കുട മൽപാൻ പാഠശാല അദ്ദേഹം പല ആവർത്തി സന്ദർശിക്കുകയും ഗ്രന്ഥങ്ങൾ വായിക്കുകയും, പകർത്തിയെഴുതുകയും ചെയ്തു. പ്രാർത്ഥനയും, പ്രവർത്തനവും, ജ്ഞാനാർജനവും ഒത്തുചേരുന്ന സംഗമ ഭൂമിയാണ് പരുമല തിരുമേനിയുടേത്. അതുകൊണ്ടാണ് അദ്ദേഹം വിശുദ്ധനായി മാറിയത്. പരുമല തിരുമേനിയെ ഓർക്കുന്നതു പോലും നമ്മുടെ ജീവിതത്തിന് കുളിർമയും ശക്തിയും പകരുന്നു. വിശുദ്ധരങ്ങിനെയാണ്, അവർ പടർന്ന് പന്തലിച്ചു നിൽക്കുന്ന തണൽ മരങ്ങളാണ്.

സങ്കീർത്തനക്കാരൻ പറയുന്നുണ്ടല്ലോ; "ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ; ഇങ്ങിനെയുള്ളവരുടെ മനസ്സിൽ സിയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്. കണ്ണുനീർ താഴ്വരയിൽക്കൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമായി തീർക്കുന്നു. മുന്മഴയാൽ അതു അനുഗ്രഹപൂർണ്ണമായി തീരുന്നു. അവർ മേൽക്കുമേൽ ബലം പ്രാപിക്കുന്നു(84:5,6)". പരിശുദ്ധ തിരുമേനിയുടെ ബലം ദൈവമാണ്., സ്വർഗ്ഗീയ സിയോനിലേക്ക് അദ്ദേഹം കരേറി, കണ്ണുനീർ താഴ്വരയെ ശാന്ത ജലാശയമാക്കിതീർത്തു. മരിച്ചിട്ടും അനുദിനം ശക്തി പ്രാപിക്കുന്ന വിശുദ്ധന്റെ ഓർമ്മ അനുഗ്രഹപ്രദമായിത്തീരട്ടെ . ■

## കുടുംബ വിശേഷങ്ങൾ




*ചെന്നൈയിൽ നടന്ന ഗ്ലോബൽ കോൺഫറൻസിൽ കൊച്ചി ഭദ്രാസനത്തെ പ്രതിനിധീകരിച്ച് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ എറണാകുളം, മർത്തമറിയം സമാജം അംഗങ്ങൾ അവതരിപ്പിച്ച **"നസ്രാണി ഇന്റർവ്യൂ"**.*
*പങ്കെടുത്തവർ: മറിയാമ്മ ചാക്കോ, ശാന്തി ഈശോ, സുഷമ ജോസഫ്, മോളി വർഗ്ഗീസ്, ഷൈല തോമസ്, ലതാ സൈമൺ.*

### വി. കുർബ്ബാനസമയം

**എളംകുളം ചാപ്പൽ :** Nov. 09 - 7.00 a.m., Nov. 16 - 10.30 a.m., Nov. 23 - 7.00 a.m., Nov. 30 - 10.30 a.m., Dec. 07 - 7.00 a.m.

**സെമിത്തേരിമുക്ക് ചാപ്പൽ :** Nov. 16 - 7.30 a.m., Nov. 30 - 7.30 a.m.

എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

## മിത്രം ചാരിറ്റബിൾ സൊസൈറ്റി



മനോദൗർബല്യം നേരിടുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മിത്രം ചാരിറ്റബിൾ സൊസൈറ്റി ചെയർമാനായി നമ്മുടെ ഇടവകാംഗം **സി.എം. ഈശോയെ** തിരഞ്ഞെടുത്തു.

## ചികിത്സാ സഹായം തേടുന്നു



നമ്മുടെ ഇടവകാംഗമായ **പ്രമോദ് ജോർജ്ജ്** (S/o എം. തങ്കച്ചൻ, മാളിയേക്കൽ ഹൗസ്, ഇടയക്കുന്നം) കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാവുകയാണ്. മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലാണ് ചികിത്സ തേടുന്നത്. കുടുംബത്തിന്റെ ഏക ആശ്രയമാണ് പ്രമോദ്. ഇടവകാംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു. ഈ കുടുംബത്തെ പ്രാർത്ഥനയിൽ ഓർക്കുക. സാമ്പത്തിക സഹായം നൽകാൻ ആഗ്രഹിക്കുന്നവർ പള്ളി ഓഫീസുമായി ബന്ധപ്പെടുക.





# വാർഷിക സെയിൽ 2014

*നമ്മുടെ ഇടവകയുടെ ആദ്യഫലപെരുന്നാളും, കുടുംബസംഗമവും ഒക്ടോബർ 12–ാം തീയതി ആചരിച്ചു. രാവിലെ 6.45 ന് ബഹു.സുനിൽ അച്ചന്റെ പ്രധാന കാർമ്മികത്വത്തിലും, വർഗ്ഗീസച്ചന്റെയും, ജേക്കബച്ചന്റെയും, അലക്സച്ചന്റെയും സാന്നിധ്യത്തിലും വി. കുർബ്ബാനയർപ്പിച്ചു. ഇടവകാംഗങ്ങൾക്ക് സ്നേഹസന്തോഷങ്ങൾ പങ്കിടുവാൻ കിട്ടിയ അവസരം, പ്രഭാതഭക്ഷണാനന്തരം ലേലത്തിൽ പങ്കെടുത്തുകൊണ്ടു തന്നെ എല്ലാവരും വേണ്ടതു പോലെ വിനിയോഗിച്ചു. കാർഷിക വിളകൾ, ഇപ്പോൾ സുലഭമല്ലാത്ത നസ്രാണി പലഹാരങ്ങൾ, അലങ്കാര വസ്തുക്കൾ, വളർത്തുമൃഗങ്ങൾ, മുതലായവ ഇടവകാംഗങ്ങൾ പള്ളിയിൽ ലേലത്തിനായി സമർപ്പിച്ചിരുന്നു.*





















## മർത്തമറിയം വനിതാ സമാജം

# മഗ്ദലന മറിയം ഏഴു ഭൂതങ്ങൾ വിട്ടുപോയ സ്ത്രീ

*സുഷമ ജോസഫ്*

മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയുടെ മർത്തമറിയം വനിതാസമാജത്തിന്റെ ആഗോള സമ്മേളനം ഒക്ടോബർ 3 മുതൽ 5 വരെ സെന്റ് തോമസ് നഗർ, കോളപ്പൊക്കം, മദ്രാസിൽ നടന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നുമായി ഏകദേശം 1800 വനിതാ പ്രതിനിധികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനം വളരെ ചിട്ടയോടും, കൃത്യനിഷ്ഠയോടും നടത്തപ്പെട്ടു. സമ്മേളനത്തിന്റെ സകല ഒരുക്കങ്ങളും വളരെ ഉന്നത നിലവാരത്തിൽ ഉള്ളതായിരുന്നു. പ്രതിനിധികളെ സ്വീകരിക്കാൻ MGOCSM ലെ കുട്ടികൾ കാണിച്ച ആത്മാർത്ഥത വളരെയേറെ പ്രശംസിക്കപ്പെട്ടു. റെയിൽവേസ്റ്റേഷനിൽ നിന്നും സമ്മേളനസ്ഥലത്തേക്ക് പ്രതിനിധികളെ കൊണ്ടുപോകാൻ ഏതാണ്ട് 25-ൽ പരം സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസുകൾ ഏർപ്പെടുത്തിയിരുന്നത് വളരെ അനുഗ്രഹമായിരുന്നു. താമസസൗകര്യവും, ഭക്ഷണവും വളരെ മെച്ചപ്പെട്ടതായിരുന്നു. കുടിക്കാൻ മിനറൽ വാട്ടർ ധാരാളമായി വിതരണം ചെയ്തിരുന്നു. സമ്മേളനത്തിന് നേതൃത്വം കൊടുത്ത അഭി. ഡോ. യൂഹന്നാൻ മാർ തേവോഡോറസ് തിരുമേനി, ഡോ. യൂഹന്നാൻ മാർ ഡയസ്ക്കോറസ് തിരുമേനി, ഡോ. യൂഹന്നാൻ മാർ മിലിത്തിയോസ് തിരുമേനി, പരി. ബാവ ബസേലിയസ് മർത്തോമ പൗലോസ് ദ്വിതീയൻ തിരുമേനി എന്നിവരുടെ സാന്നിദ്ധ്യവും, പ്രഭാഷണങ്ങളും സമ്മേളനത്തിന് വളരെ അനുഗ്രഹം പ്രദാനം ചെയ്തു.

സമ്മേളനത്തിന്റെ മുഖ്യ പ്രഭാഷണവിഷയം "Christ is our Model" (യേശുക്രിസ്തു മാറ്റമില്ലാത്ത മാതൃക) എന്നതായിരുന്നു. അഭി. ഡോ. യൂഹന്നാൻ മാർ തേവോഡോറസ് തിരുമേനിയുടെ സ്വാഗതപ്രസംഗം "സ്ത്രീശക്തീകരണം, സ്വയം ശക്തിപ്പെടുക" എന്നതായിരുന്നു. അമ്മയെന്നാൽ മറ്റുള്ളവർക്ക് വേണ്ടി സ്വയം ഇല്ലാതാകുന്നവളാണ്. അമ്മമാരുടെ പ്രാർത്ഥനയ്ക്ക് വളരെ ശക്തിയുണ്ട്. അതിനാൽ പ്രാർത്ഥിക്കുക. പ്രവർത്തിക്കുക, പ്രകാശിക്കുക എന്നതായിരിക്കണം ഓരോ വനിതകളുടേയും കടമ.

സമ്മേളനത്തിന്റെ രണ്ടാം ദിവസം (04.10.2014) ശ്രീമതി പ്രിയാ ജേക്കബ്ബ് (പ്രിൻസിപ്പാൾ, MHSS, പുത്തൻകാവ്) ആയിരുന്നു വനിതകൾക്ക് വേണ്ടി ക്ലാസ്സ് എടുത്തത്. "സ്ത്രീ നേതൃത്വം, ഇന്നത്തെ പരിമിതികൾ, ഭാവിയിലെ വാഗ്ദാനങ്ങൾ (Women Leadership, Todays limitations, Future Expectation)" എന്നതായിരുന്നു വിഷയം. പ്രിയ ജേക്കബ്ബിന്റെ പ്രഭാഷണത്തിൽ പ്രധാന കഥാപാത്രമായി വിവരിച്ചത് വിശുദ്ധ വേദപുസ്തകത്തിൽ നാലു സുവിശേഷങ്ങളിലും പേരെടുത്തു പറഞ്ഞിട്ടുള്ള പാപിനിയായ സ്ത്രീ മഗ്ദലന മറിയം ആയിരുന്നു. മഗ്ദലന മറിയത്തെ ഏഴു ഭൂതങ്ങൾ ബാധിച്ചിരുന്നു എന്നാണ് വിശുദ്ധ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളത്. അവൾ പാപിനിയാണെന്ന് സ്വയം തിരിച്ചറിയുകയും തന്റെ കർത്താവും ദൈവവുമായവനിൽ തന്നെത്താൻ സമർപ്പിക്കുകയും ചെയ്തു. കർത്താവ് അവളെ ബാധിച്ചിരുന്ന ഏഴുഭൂതങ്ങളെ പുറത്താക്കി അവളുടെ സകല പാപങ്ങളും മോചിച്ചുകൊടുത്തു.

മഗ്ദലന മറിയത്തെ ബാധിച്ചിരുന്ന ഏഴുഭൂതങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് ശ്രീമതി പ്രിയ ജേക്കബ്ബ് വിവരിച്ചു പറഞ്ഞു. വാസ്തവത്തിൽ മഗ്ദലന മറിയത്തെ ബാധിച്ചിരുന്ന ഏഴു ഭൂതങ്ങൾ അഥവ ഏഴു സ്വഭാവ വൈകൃതങ്ങൾ എന്തെല്ലാമാണെന്ന് നോക്കാം.

1. ഒന്നാമത്തെ ഭൂതം അവളുടെ "അജ്ഞത" (Darkness) അഥവാ ഇരുട്ട് ആണ്. വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആണ് എന്ന് മനസ്സിലാക്കാതെ അത് കേവലം ഒരു ഉപഭോഗ വസ്തു എന്ന് തെറ്റിദ്ധരിച്ചു. ഇത് ആൾദൈവങ്ങളുടെ കാലമാണല്ലോ. ആൾദൈവങ്ങളുടെ മായാവലയത്തിൽ ആകർഷിക്കപ്പെടുന്നവർ അനേകരാണ്. ഏകാന്തതയ്ക്കുള്ള ശമനമായി ഭക്തിയെ കൂട്ടുപിടിക്കുന്നു. ഇതോടൊപ്പം തന്നെ അന്ധവിശ്വാസങ്ങളും നമ്മെ സ്വാധീനിച്ചിട്ടുണ്ട്. ഒരു ഉദാഹരണമായി പ്രിയ പരാമർശിച്ചത്, ചിലർ വീട്ടിനുള്ളിൽ വളർത്തുന്ന "ചൈനീസ് മുളയാണ് ".

2. "അതിമോഹം" എന്നതാണ് മഗ്ദലന മറിയത്തെ ബാധിച്ചിരുന്ന രണ്ടാമത്തെ ഭൂതം. നാം ഇന്നു ജീവിക്കുന്നത് മത്സരത്തിന്റെ ലോകത്താണ്. മുതിർന്നവരുടെ അതി മോഹത്തിന് ഇരകളാകുന്നത് കുട്ടികളാണ്. അവനവന് അർഹിക്കുന്നതേ ആഗ്രഹിക്കാവൂ. അതിമോഹം ഒരു സ്വഭാവവൈകൃതമാണ്. അതിനെ അതിജീവിക്കുക.

3. "അവഗണന"യാണ് മൂന്നാമത്തെ ബാധയായി പറഞ്ഞിട്ടുള്ളത്. നമുക്ക് ലഭിക്കുന്ന ധനം അർഹിക്കുന്നവരുമായി പങ്കുവയ്ക്കണം. ദരിദ്രലോകത്ത് ധനവാനായിരിക്കുന്നത് പാപമാണ്. അതുപോലെ തന്നെ അമിതമായ ആത്മവിശ്വാസവും പാപമാണ്. ഏതു കാര്യത്തിനും നിരന്തരമായ പ്രാർത്ഥനയായിരിക്കണം ആത്മ ബലം. അഷ്ടിക്ക് മുട്ടുണ്ടാവരുത് എന്നായിരിക്കണം ഓരോരുത്തരുടെയും പ്രാർത്ഥന.

4. "മരണഭീതി"യാണ് നാലാമത്തെ ബാധ. ആരും മരിക്കാത്ത ഒരു വീടും ലോകത്തിൽ ഇല്ല. മരണം ഒരു അനിവാര്യതയാണ്. ഭയപ്പെടേണ്ട ആവശ്യം ഇല്ല. നേരെ മറിച്ച് ആത്മഹത്യ പാപമാണ്. എല്ലാ പ്രതിസന്ധികൾക്കും ഉത്തരം ആത്മീയ സാന്ത്വനം ആണ്. കർത്താവിന്റെ കാൽക്കൽ സകലവും സമർപ്പിച്ച് കണ്ണുനീർ കൊണ്ട് ആ പാദങ്ങൾ കഴുകിയപ്പോൾ അവൾക്ക് ആത്മ സാന്ത്വനം ലഭിച്ചു. പ്രതിസന്ധികൾക്ക് ഉത്തരം കർത്താവാണ്.

5. ആഢംബരം ആയിരുന്നു മഗ്ദലന മറിയത്തെ ബാധിച്ച അഞ്ചാമത്തെ ഭൂതം. ആഢംബരപൂർണ്ണമായ ജീവിതം നയിക്കാൻ വേണ്ടി അവൾ പാപിനിയായി. ഓരോ കുടുംബവും അവരുടെ വരവുചിലവു കണക്കുകൾ ദൈവത്തെ തുറന്ന് കാണിക്കണം. നമുക്കുള്ള ജീവിതസൗകര്യങ്ങളിൽ സംതൃപ്തിയോടെ ജീവിക്കാൻ പഠിക്കണം. ആഢംബരജീവിതം നയിക്കാൻ വേണ്ടി അഭികാമ്യമല്ലാത്ത പ്രവൃത്തികളിൽ ഏർപ്പെടുന്നത് ബാധയാണ്. സ്വഭാവവൈകൃതമാണ്.

6. ലൗകികത ആയിരുന്നു അവളുടെ ആറാമത്തെ ബാധ. ലൗകികതയുടെ പിറകെയുള്ള ഓട്ടം. ലൗകികത ആത്മീയ ജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്നു. അധികാരത്തിന് വേണ്ടിയുള്ള മോഹവും ഒരു ബാധയായിരുന്നു.

7. ഉഗ്രകോപം മഗ്ദലന മറിയത്തെ ബാധിച്ചിരുന്ന ഏഴാമത്തെ ഭൂതം ആയിരുന്നു. വിഡ്ഢിയുടെ ലക്ഷണമാണ് കോപം. കാരണമില്ലാത്ത ഉഗ്രകോപം ഒരു ബാധയാണ്. അത് മനസ്സിനെ അസഹ്യപ്പെടുത്തും. ക്ഷമ മനസ്സിനെ തണുപ്പിക്കുന്നു. ദയ, സമാധാനം നൽകുന്നു. ശത്രുവിനെ മിത്രമായി കാണുന്നതും വിഡ്ഢിത്തമാണ്.

നേതൃത്വത്തിന്റെ ഏഴു പരിമിതികൾ ആണ് ഈ ഏഴു ബാധകൾ. പ്രകൃതി തന്ന പീഢനങ്ങൾ നാം സഹിക്കണം. നാം ആരാണെന്ന് സ്വയം കണ്ടെത്തണം. ക്രിസ്തീയ ജീവിതം വിശ്വസ്തതയുടെ ജീവിതമാണ്. അതിനാൽ ഒസ്ത്താത്തിയോസ് തിരുമേനി നമ്മളെ പഠിപ്പിച്ചതു പോലെ, ആരാധിക്കുക, പ്രാർത്ഥിക്കുക, ശുശ്രൂഷിക്കുക, ഇതായിരിക്കട്ടെ ഓരോ വനിതയുടെയും ദൃഢനിശ്ചയം. "എന്റെ കർത്താവും, ദൈവവും" ആയവനിൽ മഗ്ദലന മറിയം സ്വയം സമർപ്പിച്ച് ഏഴു ബാധകളിൽ നിന്നും വിടുതൽ നേടിയതു പോലെ നമുക്കും നമ്മെത്തന്നെ കർത്താവിന് സമർപ്പിക്കാം.

*(ബന്ധപ്പെട്ട വേദഭാഗങ്ങൾ : വി. മത്തായി 26:6–13, വി. മർക്കോസ് 14:3–9, വി. ലൂക്കോസ് 7:31–47, വി. യോഹന്നാൻ 8:1–11, വി. യോഹന്നാൻ 20:1–18).* ■



***കത്തീഡ്രലിൽ നിന്ന് വനിതാസമാജത്തിന്റെ ആഗോള സമ്മേളനത്തിൽ പങ്കെടുത്തവർ : ലതാ സൈമൺ, ശാന്തി ഈശോ, ഷൈല തോമസ്, മറിയാമ്മ ചാക്കോ, അമ്മിണി മാത്യു, മോളി വർഗ്ഗീസ്, സുഷമ ജോസഫ് .***